(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം പുതിയ വികസന പരിപാടികൾ പരിഗണനയിലുണ്ട് ;

(സി) ആക്കുളത്തെ അപൂർണ്ണമായ അക്വേറിയം പ്രവർത്തനക്ഷമം ആക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെയും സർവ്വകലാശാലയുടെയും പങ്കാളിത്തത്തോടെ ഒരു പ്രവർത്തന പരിപാടി ആവിഷ്ക്കരിക്കുമോ ;

(ഡി) ആക്കുളം കായലോരത്തെ അനധികൃത കയ്യേറ്റം അവസാനിപ്പിക്കുവാനും സ്വാഭാവിക പ്രകൃതിക്ക് ഇണങ്ങാത്ത നിർമ്മാണം നിയന്ത്രിക്കുവാനും നടപടി സ്വീകരിക്കുമോ ;

(ഇ) ആക്കുളത്ത് വാട്ടർസ്റ്റേഡിയം നിർമ്മിക്കുന്നത് പരിഗണിക്കുമോ ?

ഉത്തരം

(എ) മ്യൂസിക്കൽ ഡാൻസിംഗ് ഫൗണ്ടൻ, കൃത്രിമ വെള്ളച്ചാട്ടം, വൈദ്യുതി ദീപാലങ്കാരം, ബോട്ട് ക്ലബ്ബ്-കുട്ടികളുടെ പാർക്ക് നവീകരണം, കായലിൽ ബോട്ടുയാത്ര സാധ്യമാകുംവിധം ആഴംകൂട്ടാനും, വൃത്തിയാക്കാനുമുള്ള പദ്ധതികൾ എന്നിവയാണ് അവിടെ നടപ്പിലാക്കുന്നത്.

(ബി) പുതിയ പദ്ധതികൾക്ക് അനുയോജ്യമായ സ്ഥലം ലഭിച്ചിട്ടില്ല. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

(സി) പരിഗണിക്കാവുന്നതാണ്.

(ഡി) പരിശോധിക്കാവുന്നതാണ്.

(ഇ) പരിഗണിക്കാവുന്നതാണ്.

അതിഥി മന്ദിരങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

57 (1745) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അതിഥി മന്ദിരങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിഥി മന്ദിരങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തു തുക ചെലവിട്ടു എന്നും ഓരോന്നിനും പ്രത്യേകമായി എത്ര എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ അതിഥി മന്ദിരങ്ങളുടെ പ്രവർത്തനം കുറേകൂടി മെച്ചപ്പെട്ട രീതിയിൽ നടത്തണമെന്നാണ് ഗവൺമെന്റ് നയം. ഈ ലക്ഷ്യം മുൻനിർത്തി നിരവധി നടപടികൾ എടുത്തുവരികയാണ്. ഇതിന്റെ ഭാഗമായി ഗസ്റ്റ്ഹൗസ് മാനേജർമാരുടെ യോഗം കാലാകാലങ്ങളിൽ വിളിച്ചുകൂട്ടി അവയുടെ പ്രവർത്തനം അവലോകനം ചെയ്യുകയും പ്രവർത്തനങ്ങളിലുണ്ടാകുന്ന പോരായ്മകൾ

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഒഴിവുള്ള തസ്തികകളിൽ സമയബന്ധിതമായി നിയമനം നടത്തുന്നതിനും, ജീവനക്കാർക്ക് അവരുടെ ജോലിയിൽ കൂടുതൽ വൈദഗ്ദ്ധ്യം നേടുന്നതിനുള്ള പരിശീലനം നൽകുക, ഗാർഡൻ പരിപാലനം, കാലാകാലങ്ങളിൽ ഗസ്റ്റ്ഹൗസുകളുടെ അറ്റകുറ്റ പണികൾ നടത്തുക, പ്രധാന ഗസ്റ്റുഹൗസുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുകയും ഇക്കാര്യത്തിൽ ജീവനക്കാർക്ക് പരിശീലനം നൽകുക എന്നിവയും ചെയ്യുന്നുണ്ട്. വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥന്മാർ ഇടയ്ക്കിടയ്ക്ക് ഗസ്റ്റുഹൗസുകൾ സന്ദർശിച്ച് അവയുടെ പ്രവർത്തനം നേരിട്ട് വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിഥി മന്ദിരങ്ങളിൽ അറ്റകുറ്റ പണികൾക്കായി പൊതുമരാമത്ത് വകുപ്പിൽനിന്നും ടൂറിസം വകുപ്പിൽ നിന്നും ചിലവാക്കിയ തുകയുടെ ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.†

വിൽക്കാൻ തീരുമാനിച്ച ഗസ്റ്റ് ഹൗസുകൾ

58 (1746) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗസ്റ്റ് ഹൗസുകൾ സ്വകാര്യ വ്യക്തികൾക്ക് വിൽക്കുവാൻ തീരുമാനിച്ചു ; അവ ഏതെല്ലാം ; വിൽക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

ഗസ്റ്റ് ഹൗസുകൾ സ്വകാര്യ വ്യക്തികൾക്കു വിൽക്കുവാൻ തീരുമാനിച്ചിട്ടില്ല.

നിലമ്പൂർ നിയോജകമണ്ഡലത്തിലെ ആട്ടുൻപാറയിൽ ടൂറിസം പ്രോജക്ട്

59 (1747) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചാലിയാർ പഞ്ചായത്തിൽ ആട്ടുൻപാറയിൽ ടൂറിസം പ്രോജക്ടുകൾ ഏതെങ്കിലും നടപ്പിലാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ ;

(ബി) ഇതു സംബന്ധിച്ച ഏതെങ്കിലും പ്രോജക്ടുകൾ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് നൽകിയത് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി കൈകൊണ്ടു ;

(ഡി) ഏറ്റവും നല്ല വെള്ളച്ചാട്ടമുള്ള മനോഹരമായ ഈ പ്രദേശത്ത് ടൂറിസം പ്രോജക്ട് ഉടനെ നടപ്പിലാക്കുന്നതിന് തയ്യാറാകുമോ ?

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[1-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ 57 (1745) ദയവായി കാണുക]

നമ്പർ	ഗസ്റ്റ് ഹൗസുകൾ	അറ്റകുറ്റപ്പണികൾ (P. W. D.)	ഫർണിച്ചർ/ജനറേറ്റർ വാങ്ങിയ വകയിൽ (Tourism)
1.	തിരുവനന്തപുരം	Rs. 17,47,200	
2.	കോവളം	Rs. 5,52,714	
3.	ആലുവ	Rs. 12,25,750	Rs. 2,00,378
4.	ആലപ്പുഴ	Rs. 6,74,148	
5.	പത്തനംതിട്ട	Rs. 5,71,938	Rs. 3,42,000
6.	കേരള ഹൗസ് കന്യാകുമാരി	12.25 ലക്ഷം	
7.	എറണാകുളം	*29.25 ലക്ഷം	

* ഹെറിറ്റേജ് ബിൽഡിംഗായി പുതുക്കി പണിയുന്നതിന് ചെലവഴിച്ച തുക

LIBRARY ARCHIVES Kerala Legislative Assembly